(സി) ഈ പരീക്ഷയിൽ ഏറ്റവും കൂടുതൽ ശതമാനം പാസ്സാകിയ പള്ളിക്കൂടം ഏതു്; ഏറ്റവും മോശമായതേതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 44.2 ശതമാനം വിദ്യാർത്ഥികൾ പാസ്സായി.

(ബി) 51532 വിദ്യാർത്ഥികൾ.

(സി) സെൻറ് മൈക്കൽസ് ഹൈസ്കൂൾ, പ്രവിത്താനം, സെൻറ് മേരീസ് ഹൈസ്കൂൾ, വെട്ടുകാട്, തിരുവനന്തപുരം.

ടി. എം. സി യിലെ പണിമുടക്കു്.

* 34. [38] ശ്രീ. പി. കെ. നാരായണൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ചവറ ടി. എം. സി. യിൽ പണിമുടക്കിനുള്ള കാരണങ്ങൾ എന്തൊക്കെ?;

(ബി) ഹൈട്ടൽ പ്ലാൻറിൽ എടുത്ത ജോലിക്കാർ ഈ വ്യവസായവുമായി ബന്ധമുള്ളവരാണോ;

(സി) ഈ പണിമുടക്കു് ഒഴിവാക്കുന്നതിനു് എന്തു നടപടിയാണു് ഗവണ്മെൻറ് എടുത്തിട്ടുള്ളതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ടി. എം. സി. മാനേജ്മെൻറ് എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് മുഖേന ഏതാനും നിയമനങ്ങൾ നടത്തിയതിൽ പ്രതിഷേധിച്ചു.

(ബി) ബഹുഭൂരിപക്ഷം പേരും ബന്ധമുള്ളവരാണെന്നാണു് എംപ്ലോയിമെൻറ് എക്സ്ചേഞ്ചു് അധികൃതർ രേഖപ്പെടുത്തിയിട്ടുള്ളതു്.

(സി) നിയമാനുസൃതമായ എല്ലാ നടപടികളും.

എയ്ഡഡ് പ്രൈമറി സ്കൂൾ അദ്ധ്യാപകർക്കു് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ.

* 35. [39] ശ്രീ. ഡി. വേലായുധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് പ്രൈമറി സ്കൂൾ അദ്ധ്യാപകർക്കു് 1955 മാർച്ചുമാസത്തിനുശേഷം എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു്;

(ബി) എല്ലാ അദ്ധ്യാപകർക്കും ഈ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) നെയ്യാറിൻകര താലൂക്കിൽനിന്നും ഈ വിഷയത്തിൽ എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ; എന്തു പരാതിയാണു്;

(ഡി) എന്തു നടപടി നടത്തി;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എയിഡഡ് പ്രൈമറി അദ്ധ്യാപകർക്ക വേണ്ടി ഇനി എന്തെല്ലാം ആനുകൂല്യങ്ങൾം ചെയ്യാൻ ഉദ്ദേശിക്കുന്നു ;

(എഫ്) ഗവണ്മെൻറ് പ്രൈമറി അദ്ധ്യാപകരുടേതിനു തുല്യമായ അലവൻസ് പ്രൈവറ്റ് അദ്ധ്യാപകർക്കും കൊടുക്കുമോ ; എങ്കിൽ എന്നു മുതൽ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) എയിഡഡ് പ്രൈമറിസ്കൂൾ അദ്ധ്യാപകർക്ക് 1-4-55 മുതൽ 30 രൂപയിൽ നിന്നും 35 രൂപയായും ഹെഡ്മാസ്റ്റർമാർക്ക് 35 രൂപയിൽനിന്നും 40 രൂപയായും ഗ്രാൻറ് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഭൂരിപക്ഷം അദ്ധ്യാപകർക്കും വർദ്ധിപ്പിച്ച റേറന്നു സരിച്ചുള്ള തുക ലഭിക്കുന്നുണ്ട്.

(സി) ഉണ്ട്. നെയ്യാറ്റിൻകര ഡിസ്ട്രിക്ടിലെ അദ്ധ്യാപകർക്ക് വർദ്ധിപ്പിച്ച റേറന്നുസരിച്ചുള്ള ഗ്രാൻറ് കിട്ടിയിട്ടില്ലെന്നു നെയ്യാറ്റിൻകര യൂണിയൻ പ്രൈവറ്റ് പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻറെ ഒരു ലറ്റർ ലഭിച്ചിട്ടുണ്ട്.

(ഡി) വർദ്ധിപ്പിച്ച റേറന്നുസരിച്ചുള്ള ഗ്രാൻറ് കൊടുക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ, എഫ്) ഈ കാര്യം ഗവണ്മെൻറിൻറെ ആലോചനയിലിരിക്കുന്നു.

ട്രാൻസ്പോർട്ട് കണ്ടക്ടറന്മാരുടെ പരീക്ഷായോഗ്യത.

* 36. [40] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്റ്റേറ ട്രാൻസ്പോർട്ട് വകുപ്പിൽ കണ്ടക്ടറന്മാരായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ പരീക്ഷായോഗ്യത എന്തു ;

(ബി) ഈ യോഗ്യതയില്ലാത്ത എത്രപേർ ഇന്നു ഈ ഡിപ്പാർട്ടുമെൻറിൽ കണ്ടക്ടർമാരായുണ്ട് ; ഇവരിൽ നേരിട്ടു നിയമിക്കപ്പെട്ടവർ എത്ര ; പ്രമോഷൻമുഖേന കണ്ടക്ടരായവരെത്ര ;

(സി) നിർദ്ദിഷ്ട പരീക്ഷായോഗ്യതയില്ലാത്തവരെ നേരിട്ടു നിയമിക്കുവാനിടയാക്കിയ സാഹചര്യമെന്തു ; അവരിൽ ഓരോരുത്തരുടേയും സ്വദേശം, നിയമിച്ച തീയതി ഇവ വെളിപ്പെടുത്താമോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇ. എസ്. എൽ. സി. യോ, എസ്. എസ്. എൽ. സി. യോ പരീക്ഷയിൽ ചേർന്നിരിക്കണം.

(ബി) ആറ്.

ആറ്.

ആരും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly